LIBRARY ARCHIVES Kerala Legislative Assembly

ഹയർസെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി വഴി എച്ച്.എസ്.എസ്.ടി തസ്തികയിൽ നിയമനം

104 (7071) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ .

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ പി.എസ്.സി.വഴി എച്ച്. എസ്. എസ്. ടി. തസ്തികയിൽ നിയമനം ലഭിച്ചവർക്ക് അഞ്ച് വർഷത്തിനുള്ളിൽ സീനിയോറിറ്റി തസ്തികയിൽ പ്രൊമോഷൻ നൽകുന്ന സാഹചര്യത്തിൽ എയ്ഡഡ് മേഖലയിൽ എച്ച്.എസ്.എസ്.ടി. തസ്തികയിൽ നിയമനം ലഭിക്കുന്ന അധ്യാപകർ അതേ തസ്തികയിൽ നിന്നുതന്നെ വിരമിക്കുന്ന സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സ്പെഷ്യൽ റൂളിൽ ഉൾപ്പെടുത്തി ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം നൽകാമോ ;

(ഡി) ഇല്ലെങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം.

(എ) ഇല്ല.

(ബി-ഡി) ഉദിക്കുന്നില്ല.

ജിയോളജി പഠിപ്പിക്കുന്ന ഹയർസെക്കന്ററി സ്കൂളുകൾ

105 (7072) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആകെ എത്ര സർക്കാർ ഹയർ സെക്കന്ററി സ്കൂളുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത സ്കൂളുകളിൽ ജിയോളജി പഠിപ്പിക്കുന്ന എത്ര സ്കൂളുകളാണ് ഉള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ ;

(സി) പ്ലസ് ടു അധിക ബാച്ചുകൾ അനുവദിക്കുമ്പോൾ ജിയോളജി വിഷയം ഉൾപ്പെടുന്ന കോമ്പിനേഷൻ കൂടുതൽ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;